## കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – ഹെഡ് അക്കൌണ്ടന്റ് തസ്തികയിലെ സ്ഥലം മാറ്റം / സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു -

ഉത്തരവ് നം: സി 2/344/2017/കോ.വി.വ തീയതി : 16.02.2018

പരാമർശം :-
1. സ.ഉ.(കൈ) നമ്പർ 41/2018/ഉ.വി.വ തീയതി 01.02.2018.
2. 03.01.2018 തീയതിയിലെ സി2/344/2017/കോ.വി.വ നമ്പർ ഉത്തരവ്

### ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഹെഡ് അക്കൌണ്ടന്റ് തസ്തികയിൽ ചുവടെ പറയുന്ന ഒഴിവ് നിലവിലുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | ഒഴിവ് |
|---|---|---|
| 1 | ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, വൈപ്പിൻ. | പരാമർശം '1' പ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തിക. |

ഈ സാഹചര്യത്തിൽ ചുവടെ പേരു പറയുന്ന ഹെഡ് അക്കൌണ്ടന്റുമാരെ ചുവടെ പറയും പ്രകാരം സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ.നിഖിൽ.കെ.എസ്, മഹാരാജാസ് കോളേജ്, എറണാകുളം (പരാമർശം '2' പ്രകാരം പാലക്കാട് ഗവണ്മെന്റ് വിക്ടോറിയ കോളേജിൽ നിയമിക്കപ്പെട്ട) | ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, വൈപ്പിൻ. (നിലവിലെ ഒഴിവിൽ) |
| 2 | ശ്രീ.സിനു.പി.ലാസർ, രാജീവ്ഗാന്ധി മെമ്മോറിയൽ ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, അട്ടപ്പാടി.(അപേക്ഷ) | ഗവണ്മെന്റ് വിക്ടോറിയ കോളേജ്, പാലക്കാട് (ശ്രീമതി.ടി വൃന്ദയ്ക്കു ജൂനിയർ സൂപ്രണ്ടായി സ്ഥാനകയറ്റം ലഭിച്ചതിനാലുണ്ടായ ഒഴിവിൽ). |

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ വന്ന ഹെഡ് അക്കൌണ്ടന്റ് തസ്തികയിലെ ഒഴിവിലേയ്ക്ക് 27.12.2017 തീയതിയിലെ സി.1/7454/2016/കോ.വി.വ നമ്പർ പ്രകാരമുള്ള, സീനിയർ ക്ലാർക്കുമാരുടെ മുൻഗണനാ പട്ടിക അനുസരിച്ച് ചുവടെ പേരു ചേർത്തിരിക്കുന്ന സീനിയർ ക്ലാർക്കിനെ 27800-59400/- രൂപ ശമ്പള സ്കെയിലിൽ ഹെഡ് അക്കൌണ്ടന്റായി സ്ഥാനക്കയറ്റം നൽകി താഴെപ്പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, ജോലി ചെയ്യുന്ന സ്ഥാപനം | ഹെഡ് അക്കൌണ്ടന്റായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ.ബി.സതീഷ്കുമാർ, സീനിയർ ക്ലാർക്ക് (പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ അന്യത്ര സേവനത്തിൽ) | രാജീവ്ഗാന്ധി മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ്, അട്ടപ്പാടി. (ശ്രീ.സിനു.പി.ലാസറിന് സ്ഥലം മാറ്റം നൽകിയതിനാലുണ്ടായ ഒഴിവ്.) |

ഈ ഉത്തരവു പ്രകാരം സ്ഥലം മാറ്റം / സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ വാങ്ങി, നിയമനം ലഭിച്ച സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റായ www.collegiateedu.kerala.gov.in –ൽ ലഭ്യമാണ്

ഒപ്പ്
സീതാലക്ഷ്മി അമ്മ,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

പകർപ്പ്

1. ബന്ധപ്പെട്ട ജീവനക്കാർക്ക്.
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്.
3. പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം
4. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5. കരുതൽ ഫയൽ / ഓഫീസ് ഫയൽ.

// അംഗീകാരത്തോടെ //

സൂപ്രണ്ട്

എസ്.വി